# പതിമൂന്നാം കേരളനിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -1961 07/12/2015-ൽ മറുപടിയ്ക്ക്

## സാഫല്യം ഭവനനിർമ്മാണ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| എ ഈ സർക്കാർ 2011 – 12 -ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന സാഫല്യം ഭവന നിർമ്മാണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ | കേരളത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ട ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഭൂ-ഭവനരഹിതർക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനായി സന്നദ്ധ സംഘടന/കാരുണ്യവാന്മാരായ വ്യക്തികളുടെ സഹകരണത്തോടെയും സർക്കാർ സബ്സിഡിയോടുംകൂടി ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകുന്ന സാഫല്യം പദ്ധതി ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കി വരുന്നു. |
| ബി 2011-12 -നുശേഷം ഇതുവരെ അവതരിപ്പിച്ച ഓരോ ബഡ്ജറ്റിലും പ്രസ്തുത പദ്ധതിക്കായി വകയിരുത്തപ്പെട്ട തുക എത്ര; അനുവദിക്കപ്പെട്ട തുക എത്ര ; പിൻവലിക്കാതെ അവശേഷിക്കുന്ന തുക എത്ര;വ്യക്തമാക്കാമോ; | ബി | സാഫല്യം ഭവന പദ്ധതിയ്ക്കായി ഓരോ സാമ്പത്തിക വർഷവും താഴെ പറയും പ്രകാരം തുക വകയിരുത്തി.<br>2012 - 13 സാമ്പത്തിക വർഷം - 17 കോടി രൂപ (ഫണ്ട് ലഭ്യമാക്കിയിട്ടില്ല.)<br>2013 - 14 സാമ്പത്തിക വർഷം - 5 കോടി രൂപ (5 കോടി രൂപ അനുവദിച്ചു.)<br>2014 - 15 സാമ്പത്തിക വർഷം - 10 കോടി രൂപ (62.78 ലക്ഷം രൂപ അനുവദിച്ചു.)<br>2015 - 16 സാമ്പത്തിക വർഷം - 5 കോടി രൂപ |
| സി ഈ പദ്ധതിയിൽ ഇതുവരെ എത്ര ഘട്ടങ്ങളിലായി എത്ര വീടുകൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത് ; ഓരോ ഘട്ടത്തിലും നിശ്ചയിച്ചിരുന്ന ലക്ഷ്യം പൂർത്തീകരിച്ചിട്ടുണ്ടോ; ഇതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; | സി | <u>2013 -14 സാമ്പത്തിക വർഷം</u><br>ബഡ്ജറ്റിലൂടെ അനുവദിച്ച 500 ലക്ഷം രൂപ, 250 ഫ്ളാറ്റുകൾക്ക് 2 ലക്ഷം രൂപ നിരക്കിൽ സബ്സിഡിയായി വിനിയോഗിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിരുന്നത്. ടി സാമ്പത്തിക വർഷം 4 പഞ്ചായത്തുകളിലായി ആകെ 216 ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ താഴെപ്പറയും പ്രകാരം നടപ്പിലാക്കി വരുന്നു.<br>കൊല്ലം ജില്ലയിൽ ചാത്തന്നൂരിൽ 48 ഫ്ലാറ്റുകൾ - നിർമ്മാണം പൂർത്തിയായി<br>തൃശ്ശൂർ ജില്ലയിൽ പുതുക്കാടിൽ 48 ഫ്ലാറ്റുകൾ - നിർമ്മാണ പ്രവർത്തനങ്ങൾ 15% പൂർത്തീകരിച്ചിട്ടുണ്ട്. |

കോഴിക്കോട് ജില്ലയിൽ ചേളന്നൂരിൽ 66 ഫ്ലാറ്റുകൾ - നിർമ്മാണ പ്രവർത്തനങ്ങൾ 85% പൂർത്തീകരിച്ചിട്ടുണ്ട്.

എറണാകുളം ജില്ലയിൽ ചോറ്റാനിക്കരയിൽ 54 ഫ്ലാറ്റുകൾ - നിർമ്മാണപ്രവർത്തനങ്ങൾ 47% പൂർത്തീകരിച്ചിട്ടുണ്ട്.

**2014 -15 സാമ്പത്തിക വർഷം**

ബഡ്ജറ്റിലൂടെ വകയിരുത്തിയ 1000 ലക്ഷം രൂപ 500 ഫ്ലാറ്റുകൾക്ക് 2 ലക്ഷം രൂപ നിരക്കിൽ സബ്സിഡിയായി വിനിയോഗിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. പദ്ധതിയ്ക്ക് ഹഡ്കോ വായ്പ സമാഹരിയ്ക്കാൻ സർക്കാർ ഗ്യാരണ്ടി ലഭ്യമാകാത്തതിനാൽ ടി തുക വഹിക്കാൻ തയ്യാറായ പഞ്ചായത്തുകളിൽ മാത്രമാണ് പദ്ധതി രൂപകൽപ്പന ചെയ്തത്. ഇപ്രകാരം ടി സാമ്പത്തിക വർഷം താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എറണാകുളം ജില്ലയിൽ ഇലഞ്ഞിയിൽ - 48 ഫ്ളാറ്റുകൾ

പാലക്കാട് ജില്ലയിൽ ലക്കിടി -പേരൂരിൽ - 24 ഫ്ളാറ്റുകൾ

കാസർകോഡ് ജില്ലയിൽ ചെമ്മനാടിൽ - 24 ഫ്ളാറ്റുകൾ

**2015 -16 സാമ്പത്തിക വർഷം**

ബഡ്ജറ്റിലൂടെ വകയിരുത്തിയിട്ടുള്ള 500 ലക്ഷം രൂപ 250 ഫ്ലാറ്റുകൾക്ക് 2 ലക്ഷം രൂപ നിരക്കിൽ സബ്സിഡിയായി വിനിയോഗിക്കാനാകുമെങ്കിലും പഞ്ചായത്തുകളുടെ സഹകരണം ഉറപ്പാക്കാത്തതിനാലും ഹഡ്കോ വായ്പ സമാഹരിയ്ക്കാൻ സർക്കാർ ഗ്യാരണ്ടി ലഭ്യമാകാത്തതിനാലും ടി സാമ്പത്തിക വർഷത്തിൽ പദ്ധതികളൊന്നും രൂപകൽപ്പന ചെയ്തിട്ടില്ല.

ഡി ഇതുവരെയുള്ള ഓരോ ഘട്ടത്തിലും ഈ പദ്ധതിയിലേയ്ക്ക് എത്ര അപേക്ഷകൾ വീതം ലഭിച്ചിട്ടുണ്ട് ; അവയിൽ നിന്നും എത്ര ഗുണഭോക്താക്കളെ വീതം തെരഞ്ഞെടുത്തിട്ടുണ്ട് ; ഇതിനു സ്വീകരിച്ച മാനദണ്ഡം എന്ത് ; വ്യക്തമാക്കാമോ;

ഡി സാഫല്യം പദ്ധതികളിലൂടെ ആകെ 312 ഗുണഭോക്താക്കൾക്ക് ഫ്ലാറ്റുകൾ ലഭ്യമാകുന്നതാണ്. താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

പദ്ധതി പ്രദേശം ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെയോ സമീപങ്ങളിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെയോ ദുർബല വിഭാഗത്തിൽപ്പെട്ട ഭൂ-ഭവനരഹിതരായ ദാരിദ്ര്യ

രേഖയ്ക്ക് താഴെയുള്ള വ്യക്തികളെ ഭവന നിർമ്മാണ ബോർഡിന്റെ ബന്ധപ്പെട്ട ഡിവിഷൻ ഓഫീസിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ/അദ്ദേഹം നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥൻ, പദ്ധതി നടപ്പിലാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി/ അദ്ദേഹം നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥർ, പദ്ധതി പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ വാർഡ് മെമ്പർ/വാർഡ് കൗൺസിലർ എന്നിവർ അടങ്ങുന്ന Beneficiary Selection Committee ആയിരിക്കും അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

ഭൂ-ഭവനരഹിതരായ ദുർബല വിഭാഗക്കാരായ വ്യക്തികളുടെ വിവര ശേഖരണത്തിനായി കേരളത്തിലെ 14 ജില്ലകളിലും പ്രചാരമുള്ള 3 മലയാള ദിനപത്രങ്ങളിലും വ്യാപകമായ പരസ്യപ്രചരണം നടത്തി ഒരു ജില്ലാതല data bank രൂപീകരിച്ച് അതിൽ നിന്നും പദ്ധതിയ്ക്ക് വേണ്ടി പദ്ധതി നടപ്പിലാക്കുന്ന പ്രദേശം ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണസ്ഥാപനത്തിലെയോ സമീപങ്ങളിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയോ ഗുണഭോക്താക്കൾക്ക് മുൻഗണന നൽകി അപേക്ഷ വാങ്ങി യുക്തമായ നടപടി ക്രമങ്ങളിലൂടെ മേൽപ്പറഞ്ഞ Beneficiary Selection Committee തെരഞ്ഞെടുക്കുന്നതാണ്.

കൊല്ലം ജില്ലയിൽ 48 അപേക്ഷകൾ ലഭിച്ചതിൽ 48 പേരെ തെരഞ്ഞെടുത്തിട്ടുണ്ട്. ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിൽ 54 അപേക്ഷകൾ ലഭിച്ചിട്ടുള്ളതിൽ 54 ഗുണഭോക്താക്കളെയും തെരഞ്ഞെടുത്തിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ വിവിധ പഞ്ചായത്തുകളിൽ നിന്നായി 1336 അപേക്ഷകൾ ലഭിച്ചിട്ടുള്ളതിൽ പുതുക്കാട് പഞ്ചായത്തിൽ നിന്നും ലഭിച്ച 110 അപേക്ഷകളിൽ ആവശ്യമായ രേഖകൾ സഹിതം സമർപ്പിക്കാൻ ആവശ്യപ്പെട്ടെങ്കിലും 10 പേർ മാത്രമാണ് രേഖകൾ ഹാജരാക്കിയിട്ടുള്ളത്. പാലക്കാട് 1476 അപേക്ഷകൾ ലഭിച്ചതിൽ 24 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. കോഴിക്കോട് 3037 അപേക്ഷകൾ ലഭിച്ചവയിൽ 66 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. കാസർകോഡ് ജില്ലയിൽ ചെമ്മനാട് പഞ്ചായത്തിൽ 24 ഫ്ളാറ്റുകൾ നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്നെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. അപേക്ഷകൾ ലഭ്യമായിട്ടില്ല.

ഇ ഇവരിൽ ഇനിയും പാർപ്പിടം ലഭ്യമാകാതെ അവശേഷിക്കുന്നവരുണ്ടോ ; എങ്കിൽ അതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

ഇ സാഫല്യം ഭവന പദ്ധതിയ്ക്കായി ഓരോ ജില്ലയിലും ലഭ്യമായ അപേക്ഷകളുടെ വിവരങ്ങളും ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളതും ബാക്കി നിൽക്കുന്നവരുടെയും കണക്കുകൾ ചുവടെ ചേർക്കുന്നു.

കൊല്ലം ജില്ലയിൽ 48 അപേക്ഷകൾ ലഭ്യമായതിൽ 48 പേർക്കും ഫ്ലാറ്റ് അനുവദിച്ചിട്ടുണ്ട്.എറണാകുളം ജില്ലയിൽ (ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് മാത്രം) 54 അപേക്ഷകൾ ലഭ്യമായതിൽ 54 പേർക്ക് ഫ്ലാറ്റ് അനുവദിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ വിവിധ പഞ്ചായത്തുകളിൽ നിന്നായി 1336 അപേക്ഷകൾ ലഭിച്ചിട്ടുള്ളതിൽ നിന്നും പുതുക്കാട് പഞ്ചായത്തിൽ നിന്നും ലഭിച്ച 110 അപേക്ഷകളിൽ ആവശ്യമായ രേഖകൾ സഹിതം സമർപ്പിക്കാൻ ആവശ്യപ്പെട്ടെങ്കിലും 10 പേർ മാത്രമാണ് രേഖകൾ നൽകിയിട്ടുള്ളത്. ആകയാൽ നിലവിൽ പണി തുടങ്ങിയ 48 യൂണിറ്റുകളിലേയ്ക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് പഞ്ചായത്തിലേയ്ക്കും ടി പഞ്ചായത്തിലെ 110 ഗുണഭോക്താക്കളോടും രേഖകൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. പാലക്കാട് ജില്ലയിൽ 1476 അപേക്ഷകൾ ലഭ്യമായതിൽ 24 പേർക്ക് ഫ്ലാറ്റ് അനുവദിച്ചു. ബാക്കി 1452 പേർ ഉണ്ട്. കോഴിക്കോട് ജില്ലയിൽ 3037 അപേക്ഷകൾ ലഭിച്ചതിൽ 66 പേർക്ക് ഫ്ലാറ്റ് അനുവദിച്ചു. ബാക്കി 2971 പേർ ഉണ്ട്. കാസർകോഡ് ജില്ലയിൽ അപേക്ഷകൾ ലഭ്യമായിട്ടില്ല.

സെക്ഷൻ ഓഫീസർ